(ബി) ഈ രാജ്യത്തിൽ കണ്ണൂർ ജില്ലയിലെ പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ഏതൊക്കെ പ്രവൃത്തികളാണ് പൂർത്തിയാക്കിയിട്ടുള്ളത്; ഭരണാനുമതി ലഭിച്ചതും പൂർത്തിയാക്കാൻ ബാക്കിയുള്ളതുമായ പ്രവൃത്തികൾ ഏതൊക്കെയാണ്; വിശദാംശം നൽകുമോ?

ഉത്തരം

(എ) കുടുംബശ്രീ മണ്ഡലത്തിൽ പട്ടികവർഗ്ഗക്കാർ അധിവസിക്കുന്ന കോളനികൾ ഇല്ലാത്തതിനാൽ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

(ബി) കണ്ണൂർ ജില്ലയിലെ പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂളിൽ നിർമ്മാണ പ്രവൃത്തികൾക്കായി 4 കോടി 11 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി നിർമ്മാണ പ്രവൃത്തികൾക്ക് പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്.

ചാലക്കുടി പെരുമ്പാറ കാടർ കോളനിയിലെ സഹകരണ സംഘങ്ങൾ

253 (3408) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികവും ഫിഷറീസും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ മലക്കപ്പാറ പെരുമ്പാറകാടർ കോളനി നിവാസികളടക്കമുള്ള നിരവധി പേർക്ക് പി.വി.ടി.ജി. പദ്ധതി പ്രകാരം അനുവദിച്ച വീടിന്റെ നിർമ്മാണം കരാറുകാർ പൂർത്തീകരിക്കാത്തതുമൂലം കോളനി നിവാസികൾക്കുണ്ടായ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പി.വി.ടി.ജി. പദ്ധതി പ്രകാരം നടത്തുന്ന കെട്ടിട നിർമ്മാണമടക്കമുള്ള വികസന പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനും, ഈ പദ്ധതിയുടെ പ്രവർത്തനത്തിലുണ്ടായതായി ആരോപിക്കപ്പെടുന്ന അഴിമതിയും കെടുകാര്യസ്ഥതയും അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പി.വി.ടി.ജി. പദ്ധതി പ്രകാരം ഭവന നിർമ്മാണം ഗുണഭോക്താക്കൾ നേരിട്ടാണ് നടത്തുന്നത്. കരാറുകാരെയോ ഏജൻസികളെയോ നിർമ്മാണ പ്രവർത്തി നടത്തുന്നതിന് ഏൽപ്പിച്ചിട്ടില്ല. ഭവന നിർമ്മാണം സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

പരാതികളൊന്നും ലഭിച്ചിട്ടില്ല. എന്നിരുന്നാലും ഇതുമായി ബന്ധപ്പെട്ട ഏതെങ്കിലും പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ ഗുണഭോക്താക്കളുടെ യോഗം ചേരാൻ നടപടി സ്വീകരിക്കുന്നതാണ്.

(ബി) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുവേണ്ടിയും ഒപ്പിരുന്നെ നടത്തിപ്പിൽ അഴിമതി ആരോപണങ്ങൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്കും നടപടി കൈക്കൊള്ളുന്നതാണ്.

കാസർഗോഡ് ജില്ലയിലെ പട്ടികവർഗ്ഗക്ഷേമ വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ നിർമ്മാണം

254 (3409) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികവും ന്യൂനപക്ഷങ്ങളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പട്ടികവർഗ്ഗക്ഷേമ വകുപ്പിന്റെ കീഴിൽ എത്ര റോഡുകൾ നിർമ്മിച്ചിട്ടുണ്ട് : മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഓരോ മണ്ഡലത്തിനും അനുവദിച്ച തുക സംബന്ധിച്ച കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ വകുപ്പിന്റെ കീഴിൽ 35 റോഡുകൾ നിർമ്മിച്ചിട്ടുണ്ട്. മണ്ഡലം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

1.	തൃക്കരിപ്പൂർ മണ്ഡലം	-	8
2.	കാഞ്ഞങ്ങാട് മണ്ഡലം	-	25
3.	തുടമ മണ്ഡലം	-	2

(ബി) 1. തൃക്കരിപ്പൂർ മണ്ഡലം - 2,76,50,000 രൂപ (രണ്ട് കോടി എഴുപത്തിയാറ് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം)

2. കാഞ്ഞങ്ങാട് മണ്ഡലം - 3,58,43,000 രൂപ (മൂന്ന് കോടി അൻപത്തിയെട്ട് ലക്ഷത്തി നാല്പത്തി മൂവായിരം രൂപ മാത്രം)

3. തുടമ മണ്ഡലം - 43,31,000 രൂപ (നാല്പത്തിമൂന്ന് ലക്ഷത്തി മുപ്പത്തിയൊന്നായിരം രൂപ മാത്രം).

LIBRARY ARCHIVES Kerala Legislative Assembly